# ടെക്സ്റ്റ്ബുക്കുകമ്മിറ്റിക്കാരുടെ ശ്രദ്ധയ്ക്ക്

സഞ്ജയൻ



ടെക്സ്റ്റ്ബുക്കുകമ്മിറ്റിക്കാരുടെ ശ്രദ്ധയ്ക്ക്

സഞ്ജയൻ

(മലയാളം: ലേഖനം)

© 2022, Sanjayan.

These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Trouble in the classroom, a painting by August Heyn (1837–1920). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ടെക്സ്റ്റ്ബുക്കകമ്മിറ്റിക്കാരുടെ ശ്രദ്ധയ്ക്ക്

(കുറിപ്പ്: പതിനെട്ടു വയസ്സിനു കീഴേയുള്ള വിദ്യാർത്ഥികളും വിദ്യാർത്ഥിനികളും ഇതു വായിക്കാൻ പാടുള്ളതല്ല. രക്ഷിതാക്കന്മാർ വളരെ സൂക്ഷിക്കണം. വായിച്ചുപോയാൽ പിന്നീട് ഉണ്ടായേക്കാനിടയുള്ള യാതൊരു അനിഷ്ടസംഭവങ്ങൾക്കും ലേഖകൻ ഉത്തരവാദിയായിരിക്കുന്നതല്ല. പത്രാധിപർ ഉത്തരവാദിത്വം എടുക്കുന്നുണ്ടെങ്കിൽ അത് അദ്ദേഹത്തിന്റെ ഇഷ്ടം. ഞാൻ പറയേണ്ടതു പറഞ്ഞു—പി. എസ്.)

ചെറിയ കുട്ടികൾക്കു പഠിക്കുവാൻവേണ്ടി പാഠപുസ്തകങ്ങളിൽ സാന്മാർഗിക കഥകളെഴുതുന്ന ജനദ്രോഹികളെ നിങ്ങളാരെങ്കിലും അറിയുമെങ്കിൽ അവരുടെ പേരും മേൽവിലാസവും ദയചെയ്ത് എന്നെ അറിയിച്ചുതന്നാൽ നന്നായിരുന്നു. എനിക്ക് അവരോടു ചില കാര്യങ്ങൾ 'ഓപ്പ'നായി പറയുവാനുണ്ട്. അവർക്കതു രസിക്കുകയില്ലായിരിക്കും. വേണ്ട; മറ്റുള്ളവരുടെ രസവും രസക്കേടും നോക്കിയാൽ എങ്ങനെയാണ് ഹേ, പൊതുജനസേവനം നടക്കുക?

ഈ കൂട്ടർ എഴുതുന്ന കഥകളുടെ അടിയിലോ, മേലെയോ, വിഷയാനുക്രമണിയിലോ, ഫുട്ട്നോട്ടിലോ, അവർ പേരു വെക്കാറില്ല. കുട്ടികളെ പേടിച്ചിട്ടാണ് അവർ അങ്ങനെ ചെയ്യാത്തതെന്നു കേചിൽ (ചിലർ) ശങ്കിരേ (ശങ്കിക്കുന്നു); അല്ലാതെ സഞ്ജയനെപ്പോലെ, കീർത്തിക്ക് ആഗ്രഹമില്ലാത്തതുകൊണ്ടാണെന്ന് അഹം (ഞാൻ) ന മന്യേ (വിചാരിക്കുന്നില്ല).

എത്ര അത്യാപത്തിന്റെ വിത്തുകളാണ് ഈ മഹാപാപികൾ വിതച്ചിട്ടില്ലാത്തത്! ഞാൻ ആറാംക്ലാസ്സിൽ പഠിക്കുന്ന കാലത്ത്, അന്നത്തെ പാഠപുസ്തകത്തിൽ—അന്നൊക്കെ 'ഈ മാർസ്ഡൻ സായ്വവർകൾ ചമച്ച മാക്മില്ലൻ എന്നവരുടെ ദേശഭാഷാപുസ്തകങ്ങൾ' മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇന്നാണെങ്കിൽ ആകെയുള്ള കുട്ടികളേക്കാളധികം പാഠപുസ്തകാവലികളുണ്ട്. അതിരിക്കട്ടെ—അന്നത്തെ പാഠപുസ്തകത്തിൽ ജോർജ്ജ് വാഷിങ്ടൺ നേരു പറഞ്ഞ കഥയുണ്ടായിരുന്നു.

കഥ നിങ്ങളറിയുമല്ലോ. ജോർജ്ജ് വാഷിങ്ടൺ കുട്ടിയായിരുന്നപ്പോൾ അയാളുടെ (മുതിർന്നവരേയും നരിയേയും കുട്ടികളേയും കത്തിയേയും പറ്റിയുള്ള പഴഞ്ചൊല്ലു നിശ്ചയമില്ലാതിരുന്ന) അച്ഛൻ ആ മനുഷ്യന് ഒരു പേനക്കത്തി വാങ്ങിക്കൊടുത്തു. അച്ഛൻ പുറത്തുപോയ തഞ്ചം നോക്കി മകൻ അച്ഛന്റെ ഒരു ഓമനമരം (ഫേവറിറ്റ് ട്രീ) മുറിച്ചുകളഞ്ഞു. അച്ഛൻ വന്ന് 'ആരാണിതു ചെയ്തതെന്ന് അട്ടഹസിച്ചപ്പോൾ മകൻ ഓടിച്ചെന്നു (ഞാനാണ് അച്ഛാ ചെയ്തതെന്ന് പറഞ്ഞു. അച്ഛൻ സന്തോഷിച്ചു. തനിക്ക് ഇങ്ങനെ നേരുപറയുന്ന ഒരു കുട്ടി ജനിച്ചതിനെപ്പറ്റി അദ്ഭുതപ്പെട്ടു മകന്റെ ചെവി പിടിച്ചു ആകാശം കാണിക്കുകകൂടി ചെയ്തില്ല. പിന്നീട് ജോർജ്ജ് വാഷിങ്ടൺ അമേരിക്കയിലെ പ്രസിഡന്റായി. അങ്ങനെയൊരു കഥ.

ഈ കഥയെക്കുറിച്ചു 'നല്ല കഥ' എന്നു നിങ്ങൾ പറയും; ഇല്ലേ? നിങ്ങൾക്കു വിവരമില്ലാഞ്ഞിട്ടാണ് അങ്ങനെ പറയുന്നത്. ശ്രുണു; എന്റെ ക്ലാസ്സിൽ ഒരു കുട്ടിയുണ്ടായിരുന്നു. ശങ്കരനെന്നോ, നാരായണനെന്നോ, വാസുദേവനെന്നോ മറ്റോ ആണ് പേർ. ഈ കഥ മാസ്റ്റർ വായിച്ച് സത്യത്തിന്റെ മാഹാത്മ്യത്തെപ്പറ്റിയും മറ്റും ബഹുകേമമായി വിവരിച്ചു.

രാമനോ, കൃഷ്ണനോ, അച്യുതനോ, ഗോവിന്ദനോ ആയ നമ്മുടെ കഥാനായകൻ ഇതൊക്കെ കേട്ടു വിശ്വസിച്ചു; പലതും മനസ്സിലാക്കി; ചിലതു് ഉറപ്പിച്ചു വീട്ടിലേക്ക് ഓടി.

സത്യം പറയുന്നതിൽ ഒരു പേരെടുക്കണമെന്ന് ആ കരുണാകരനോ, പാലനോ, മാധവനോ, ദാമോദരനോ തീർച്ചപ്പെടുത്തി. ആ വിദ്വാന്റെ അച്ഛൻ അന്നു വൈകുന്നേരം നഗരം സന്ദർശിക്കുവാൻ തീർച്ചപ്പെടുത്തിയിരുന്ന സംസ്ഥാനഗവർണർക്കു സമർപ്പിക്കുവാൻവേണ്ടി ചങ്ങലംപരണ്ടനിവാസികളുടെ വകയായി, പട്ടിൽ അച്ചടിപ്പിച്ച അതിഭംഗിയുള്ള ഒരു മംഗളപത്രം കണ്ണാടിക്കൂട്ടിലാക്കി അലമാരിയിൽ വെച്ചു പൂട്ടിയിട്ടുണ്ടായിരുന്നു. നമ്മുടെ ചന്തുവോ, ചാത്തുവോ, കോമനോ, കോമപ്പനോ എങ്ങനെയോ ആ അലമാരി തുറന്നു പ്രസ്തുത മംഗളപത്രമെടുത്ത് ഇരുമ്പുലക്കകൊണ്ടു തച്ചുടച്ചു. വലിച്ചുചീന്തി, അടുപ്പിലിട്ടു കരിച്ചുപുകച്ചു സത്യം പറയുവാൻവേണ്ടി അച്ഛൻ വരുന്നതും കാത്തുനിന്നു.

മൂന്നു മണിക്ക് അച്ഛൻ കോടതിയിൽ നിന്നെത്തി. അഞ്ചു മണിക്കാണ് ഗവർണറുടെ ദർബാർ. അദ്ദേഹം ചായ കുടിച്ചു. ഉടുപ്പു മാറ്റി. കണ്ണാടി നോക്കി ടൈ നേരെയാക്കി. വണ്ടി വന്നുനിന്നു. മംഗളപത്രം എടുപ്പാൻ വേണ്ടി അലമാരി തുറന്നു. കണ്ടില്ല. തിരയലായി. നിയമപുസ്തകങ്ങൾ മുഴുവൻ വലിച്ചു താഴെയിടുകയായി. പലതും അട്ടിമറിഞ്ഞു. പലതും പൊളിഞ്ഞു ഛിന്നഭിന്നമായി. ഓട്ടവും ചാട്ടവുമായി. നിലവിളിയും ശകാരവുമായി. വീടു മുഴുവൻ ഭൂകമ്പമായി. വക്കീലിന്—അദ്ദേഹം ചങ്ങലംപരണ്ടയോടു തൊട്ടുകിടക്കുന്ന ഉഴല്ലൂർ മുനിസിപ്പാലിറ്റിയിലെ ചേർമാനായിരുന്നു—അദ്ദേഹത്തിനു തനി ഭ്രാന്തായി.

ഈ ഘട്ടത്തിലാണു നമ്മുടെ ജനാർദ്ദനനോ, ഗോപിനാഥനോ, കോന്തുവോ, കോവുണ്ണിയോ, ജോർജ്ജ് വാഷിങ്ടണെപ്പോലെ ഒരു പച്ചച്ചിരിയും ചിരിച്ചുകൊണ്ട് അച്ഛന്റെ മുൻപാകെ ഹാജരായത്. മകന്റെ അവസരരഹിതമായ ചിരി അച്ഛനു തീരേ പിടിച്ചില്ല. 'നീ എന്താ കഴുതേ, ഇളിക്കുന്നത്? ആ മംഗളപത്രമെവിടെപ്പോയി? നീ കണ്ടുവോ?' എന്ന് ചേർമാൻ അലറി.

ജോർജ്ജ് വാഷിങ്ടണെ ധ്യാനിച്ചുകൊണ്ടു ഗംഗാധരനോ, കോരുവോ, കോരപ്പനോ, ദിവാകരനോ ഇങ്ങനെ പറഞ്ഞു: 'അച്ഛാ, എനിക്കു കളവു പറയാൻ കഴിയുകയില്ല. വലിയമ്മ വെറ്റിലയിടിക്കുന്ന ഇരുമ്പുലക്കകൊണ്ടു ഞാനാണച്ഛാ, ആ മംഗളപത്രം ഉടച്ച്, അച്ഛനു ചായയുണ്ടാക്കുവാൻവേണ്ടി ജ്വലിപ്പിച്ച തീയിലിട്ടു കരിച്ചത്.'

അച്ഛന് ആദ്യം കാര്യം മനസ്സിലായില്ല. തന്റെ മകനു ഭ്രാന്തായിപ്പോയെന്നാണ് ആ ശുദ്ധൻ വിചാരിച്ചത്. പിന്നീട് പൊട്ടിയ ചില്ലും കരിഞ്ഞ മംഗളപത്രത്തിന്റെ അവശിഷ്ടങ്ങളും കണ്ടപ്പോൾ എല്ലാം മനസ്സിലായി. മഹാകവി ഉള്ളൂർ പറഞ്ഞതുപോലെ, 'ശേഷമുൾബലമുണ്ടെങ്കിൽ നിനച്ചുകൊള്ളുവിൻ!'

കേളുവിനോ, കുഞ്ഞപ്പയ്ക്കോ, കുമാരനോ, സുകുമാരനോ അന്നു കൊണ്ട അടിക്ക് കൈയോ കണക്കോ, അതിരോ അളവോ, സീമയോ പരിധിയോ ഉണ്ടായിരുന്നില്ല. കൈയിൽ കിട്ടിയ സകല സാധനങ്ങൾകൊണ്ടും ആ സത്യവാൻ അടി പാസ്സായി. ഒടുക്കം രത്തൻലാലിന്റെ വലിയ വ്യാഖ്യാനത്തോടുകൂടിയ 'ഇന്ത്യൻ പീനൽ കോഡു കൊണ്ട് തലയ്ക്ക് ഒരു ഏറും കിട്ടി. അയൽവക്കക്കാരും, എന്റെ കാരണവരായിരുന്ന മരിച്ച ചാപ്പ്മാനും, കളരിയിലെ ഉണ്ണിക്കുറുപ്പും കൂടിയാണ് ഒടുക്കം ചേർമാനെ പിടിച്ചുനിർത്തിയത്.

അതൊക്കെ സഹിക്കാം. കഥാനായകനായ കണ്ണനോ, കണ്ടുണ്ണിയോ, കുഞ്ഞുണ്ണിയോ, രാവുണ്ണിയോ പിന്നീട് ലെജിസ്ലേറ്റീവ് അസംബ്ലി പ്രസിഡണ്ടായോ? ചങ്ങലംപരണ്ട അംശം അധികാരിയായോ? മാന്യസഹോദരരേ, ഇല്ല. ആ വിദ്വാൻ ഇപ്പോൾ പതിമൂന്നര ഉറുപ്പിക ശമ്പളത്തിൽ ഒരു മാന്യനും പോർട്ടറുമായി ദിനവൃത്തി കഴിക്കുകയാണ്.

ആ മനുഷ്യൻ അന്നു വലവെച്ചു പിടിച്ച അടി പരേതനായ കുറുപ്പ് മാസ്റ്ററുടെ കീഴിൽ പത്തു കൊല്ലം പഠിച്ച ആൾക്കു കിട്ടിയ അടിയുടെ ആകത്തുകയെടുത്താൽക്കൂടി, അതിലുമധികം ഉണ്ടായിരിക്കും. ക്ലാസ്സിൽ ബാക്കിയുണ്ടായിരുന്ന ഞങ്ങൾ ഇന്നും, മഹാത്മജിയെപ്പോലെയോ ഹരിശ്ചന്ദ്രനെപ്പോലെയോ വലിയ സത്യവാന്മാരൊന്നുമല്ലെങ്കിലും ഒരുവിധം പത്തിനെട്ടായി സത്യം പറഞ്ഞുകഴിച്ചു കൂട്ടിപ്പോരുന്നു. പക്ഷേ, പ്രസ്തുത അപ്പുവോ, ശ്രീധരനോ, കേശവനോ, കുങ്കനോ പിന്നീട് ഇതുവരെ ഒരൊറ്റ നേരു പറഞ്ഞിട്ടില്ല. ആ വിദ്വാനു മതിയായിപ്പോയിപോലും. ഇത്രയധികം അടി കൊണ്ടിട്ട് അമേരിക്കയിലെ പ്രസിഡന്റാവാത്തതാണു ഭേദമെന്ന് അയാൾ പറയുന്നു.

ഇതു നിങ്ങളുടെ സാന്മാർഗികപാഠങ്ങൾ ചെയ്യുന്ന തകരാറാണ്. 'ധൈര്യശാലിയായ നാവികബാല'ന്റെ കഥ വായിച്ച ഒരു മനുഷ്യൻ അച്ഛന്റെ കല്പന കിട്ടാതെ മോട്ടോർകാർ വരുമ്പോൾ നടുനിരത്തിൽനിന്നു തെറ്റുകയില്ലെന്നു വിചാരിച്ചു നിന്നതിനാൽ ആ ധൈര്യശാലിയുടെ കാലുകൾ രണ്ടും അരഞ്ഞു ചമ്മന്തിപ്രായമായിപ്പോയി. 'ഗ്രാമത്തിലെ ചിറ സംരക്ഷിച്ച ബാല'ന്റെ കീർത്തി കൈക്കലാക്കണമെന്നു കരുതിയ മറ്റൊരു ത്യാഗി ഇടവഴിയുടെ വക്കിലുള്ള ഞണ്ടിൻമാളത്തെ അടച്ചുകൊണ്ട് ഇരുന്നതിനാലുണ്ടായ അപകടം ഞാൻ രേഖപ്പെടുത്തുന്നില്ല. ഇങ്ങനെയുള്ള ഓരോ കഥകൾ പഠിപ്പിച്ച് നിങ്ങളെന്തിനാണു കുട്ടികളെ ദ്രോഹിക്കുന്നത്. തീപ്പിടിച്ച കപ്പലിൽ നിന്നുകൊണ്ട് 'അച്ഛാ, ഞാനിനിയും ഇവിടെത്തന്നെ നില്ക്കേണമോ?' എന്നു ചോദിച്ച ആ വങ്കശിരോമണിയായ നാവികബാലനെപ്പോലെയുള്ള ഒരു മകൻ ആർക്കും ജനിക്കരുതേ! എന്നാണ് എന്റെ പ്രാർത്ഥന. ഇതു കേൾക്കുമ്പോൾ ചില സാന്മാർഗിക കഥാകർത്താക്കൾ എന്റെ നേരെ വാളെടുക്കുമായിരിക്കും. എന്നാലെന്താണ്? മറ്റുള്ളവരുടെ ഹിതം നോക്കീട്ടാണ് എഴുതുന്നതെങ്കിൽ സഞ്ജയൻ ഇതിന് എത്രയോ മുൻപ് 'കവിത കലാശിച്ചു കാശിക്കു' പോയിട്ടുണ്ടായിരിക്കും; ഇല്ലെങ്കിൽ രാമേശ്വരത്തേക്കെങ്കിലും പോയിട്ടുണ്ടായിരിക്കും. തഥാസ്തു.

6-2-'35

യുക്തിവാദികൾ ദൈവത്തിൽ വിശ്വസിക്കുന്നില്ലത്രേ. സാരമില്ല; ദൈവം യുക്തിവാദികളെ വിശ്വസിക്കാതായിട്ട് കാലം കുറച്ചായി.

(കേ. പ.)

□

# സഞ്ജയൻ



പ്രശസ്തനായ ഒരു മലയാള സാഹിത്യകാരനാണ് സഞ്ജയൻ. സഞ്ജയൻ എന്നത് തൂലികാനാമമാണ്, യഥാർത്ഥനാമം മാണിക്കോത്ത് രാമുണ്ണിനായർ (എം. ആർ. നായർ) എന്നാണ്. (ജനനം: 1903 ജൂൺ 13 – മരണം: 1943 സെപ്റ്റംബർ 13). തലശ്ശേരിക്കടുത്ത് 1903 ജൂൺ 13-നു ജനിച്ചു. തന്റെ കൃതികളിൽ സഞ്ജയൻ, പാറപ്പുറത്തു സഞ്ജയൻ, പി. എസ്. എന്നിങ്ങനെ പലപേരിലും അദ്ദേഹം സ്വയം പരിചയപ്പെടുത്തുന്നുണ്ട്.

## കുടുംബം

1903 ജൂൺ 13-നു തലശ്ശേരിക്കടുത്ത് ഒതയോത്ത് തറവാട്ടിൽ മാടാവിൽ കുഞ്ഞിരാമൻ വൈദ്യരുടെയും പാറുവമ്മയുടെയും മകനായാണ് സഞ്ജയൻ ജനിച്ചത്. പിതാവ് തലശ്ശേരി ബാസൽ മിഷൻ ഹൈസ്കൂളിൽ മലയാളപണ്ഡിതനായിരുന്നു. കടത്തനാട്ടു രാജാവ് കല്പിച്ചുകൊടുത്ത സ്ഥാനപ്പേരായിരുന്ന വൈദ്യർ എന്നത്. കവിയും ഫലിതമർമ്മജ്ഞനും സംഭാഷണചതുരനുമായിരുന്ന കുഞ്ഞിരാമൻ വൈദ്യർ 42-ാം വയസ്സിൽ മരിച്ചുപോയി. അച്ഛന്റെ കാലശേഷം രാവുണ്ണിയും സഹോദരങ്ങളും മാടാവ് വിട്ട് ഒതയോത്തേക്കു തിരിച്ചുപോന്നു.

വൈദ്യരുടെ രണ്ടാമത്തെ പുത്രനായിരുന്നു രാമുണ്ണി. രണ്ടു വയസ്സിനു മൂപ്പുള്ള, മൂത്തമകൻ കരുണാകരൻ നായർ റവന്യൂ വകുപ്പിൽ തഹസീൽദാരായിരുന്നു. നല്ല കവിതാവാസനയുണ്ടായിരുന്ന കരുണാകരൻ നായർ രാമുണ്ണി നായർ മരിക്കുന്നതിന് ഒന്നര വർഷം മുമ്പേ മരിച്ചുപോയി.

എം. ആറിന്റെ ഇളയ സഹോദരിയായിരുന്നു പാർവ്വതി എന്ന പാറുക്കുട്ടി. എം. ആറിനു വളരെയധികം വാത്സല്യമുണ്ടായിരുന്ന അനുജത്തിയെ പി. കുട്ടി എന്നായിരുന്നു അദ്ദേഹം വിളിച്ചിരുന്നത്. കോഴിക്കോട്ടു സാമൂതിരി ഹൈസ്കൂൾ ഹെഡ് മാസ്റ്ററായിരുന്ന പി. കുഞ്ഞിരാമൻ നായരായിരുന്നു പാറുക്കുട്ടിയുടെ ഭർത്താവ്.

വൈദ്യരുടെ അകാലചരമത്തിനുശേഷം ഏറെ വർഷങ്ങൾ കഴിഞ്ഞപ്പോൾ, വേണ്ടപ്പെട്ടവരുടെ നിർബന്ധത്തിനു വഴങ്ങി സഞ്ജയന്റെ അമ്മ, പിണറായി പുതിയ വീട്ടിൽ ഡോ. ശങ്കരൻ നായരെ പുനർവിവാഹം ചെയ്തു. ഇങ്ങനെ കുഞ്ഞിശങ്കരൻ, ബാലകൃഷ്ണൻ, ശ്രീധരൻ എന്നീ പേരുകളിൽ മൂന്ന് അനുജന്മാരെക്കൂടി രാമുണ്ണിയ്ക്ക് ലഭിച്ചു.

## വിദ്യാഭ്യാസം

തലശ്ശേരി ബ്രാഞ്ച് സ്കൂൾ, തലശ്ശേരി ബ്രണ്ണൻ കോളേജ്, പാലക്കാട് വിക്ടോറിയാ കോളേജ്, ചെന്നൈ ക്രിസ്ത്യൻ കോളേജ്, തിരുവനന്തപുരം ലോ കോളേജ് എന്നിവിടങ്ങളിലാണ് പഠിച്ചത്. 1919-ൽ പാലക്കാട് വിക്ടോറിയാ കോളേജിൽ അദ്ദേഹം ഇന്റർമീഡിയറ്റിനു ചേർന്നു.

## സാഹിത്യപ്രവർത്തനം

1927-ൽ ലിറ്ററേച്ചർ ഓണേഴ്സ് ജയിച്ച സഞ്ജയൻ 1936-ലാണ് പ്രശസ്തമായ “സഞ്ജയൻ” എന്ന ഹാസ്യസാഹിത്യമാസിക ആരംഭിക്കുന്നത്. 1938 മുതൽ 1942 വരെ മലബാർ ക്രിസ്ത്യൻ കോളേജിൽ അദ്ധ്യാപകനായിരുന്ന കാലത്താണ് വിശ്വരൂപം എന്ന ഹാസ്യസാഹിത്യമാസിക പ്രസിദ്ധീകരിക്കുന്നത്. 1935 മുതൽ 1942 വരെ കോഴിക്കോട് കേരളപത്രികയുടെ പത്രാധിപനായിരുന്ന സഞ്ജയന്റെ പ്രധാനകൃതികൾ സാഹിത്യനികഷം (രണ്ട് ഭാഗങ്ങൾ), സഞ്ജയൻ (ആറ് ഭാഗങ്ങൾ), ഹാസ്യാഞ്ജലി, ഒഥല്ലോ (വിവർത്തനം) തുടങ്ങിയവയാണ്. അദ്ദേഹത്തിന്റെ സഞ്ജയോപഖ്യാനമെന്ന കവിതയും പ്രസിദ്ധമാണ്. കുഞ്ചൻ നമ്പ്യാർക്കു ശേഷമുള്ള മലയാളത്തിലെ വലിയ ഹാസ്യസാമ്രാട്ടായിട്ടാണ് സഞ്ജയൻ അറിയപ്പെടുന്നത്. കവി, പത്രപ്രവർത്തകൻ, നിരൂപകൻ, തത്ത്വചിന്തകൻ, ഹാസ്യപ്രതിഭ എന്നീ നിലകളിൽ പ്രശസ്തനായിരുന്നു. പരിഹാസപ്പൂപ്പനിനീർച്ചെടിക്കെടോ ചിരിയത്രേ പുഷ്പം, ശകാരം മുള്ളു താൻ എന്ന അഭിപ്രായക്കാരനായിരുന്നു അദ്ദേഹം.

## മരണം

1943 സെപ്റ്റംബർ 13-നു കുടുംബസഹജമായിരുന്ന ക്ഷയരോഗം മൂർച്ഛിച്ച് അന്തരിച്ചു.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.